# നവോത്ഥാനം
## സർഗാത്മകതയും ദേശസ്മൃതിയും

എഡിറ്റർ
പ്രൊഫ. വി. ലിസി മാത്യു



# ഉള്ളടക്കം


1. തിരുവനന്തപുരം - കാണാതെ പോയ ചരിത്രവസ്തുതകൾ 9
ഡോ. എൻ. അജിത്കുമാർ

2. മക്തി തങ്ങളുടെ വ്യവഹാരങ്ങളും മുസ്ലീം നവോത്ഥാനവും 19
-മുഹമ്മദ് ബഷീർ. കെ. കെ.

3. ഉത്തരകേരളത്തിലെ ആചാരങ്ങളിലെ ഉർവരതാസങ്കല്പം 34
ഡോ.ജയചന്ദ്രൻ കീഴോത്ത്

4. ദ്വിഭാഷി: ഒരു ഭാഷാ സമ്പർക്ക സമന്വയ പഠനം 39
ഡോ. പി. സുജാത

5. മലയാളസാഹിത്യത്തിലെ ട്രാൻസ്ജെന്റർദൃശ്യതയുടെ രാഷ്ട്രീയം: ചരിത്രവും വർത്തമാനവും 49
അശ്വനി എ.പി

6. കേരളീയ നവോത്ഥാനം : പൊൻകുന്നം വർക്കിയുടെ രചനകളിൽ 60
പാർവ്വതി പി. ചന്ദ്രൻ

7. നവോത്ഥാനവും ആദ്യകാല മലയാള ചെറുകഥയും 65
അജിത ചേമ്പൻ

8. മോഹിനിയാട്ടം-ലിംഗപദവിയും സാംസ്കാരികപാഠങ്ങളും 75
ഡോ. അനില. ഒ .

9. പ്രതിനിധാനത്തിന്റെ രാഷ്ട്രീയം പ്രതിരോധകലകളിൽ 80
ഡോ. ഷീജാ നരോത്ത്

10. കീഴാളപ്രതിരോധം പുലയത്തറയിൽ 87
ഡോ. സിനുമോൾ തോമസ്.

11. നവോത്ഥാനത്തിന്റെ നാൾവഴികൾ : സ്വാമി ആനന്ദതീർത്ഥന്റെ ഇടപെടലുകൾ 96
ഡോ. പ്രജിത. പി.

12. സമകാലികകവിത ഭാവുകത്വ പരിണാമത്തിന്റെ ജീവിതപരിസരം 105
സ്വപ്ന ആന്റണി

13. തുള്ളൽ പ്രസ്ഥാനവും മലബാർ വി. രാമൻനായരും 111
രഞ്ജിത്കുമാർ എം. ആർ.

# സമകാലിക കവിത: ഭാവുകത്വപരിണാമത്തിന്റെ ജീവിതപരിസരം

സഹിത ആന്റണി

കവിതയുടെ പരമ്പരാഗതധാരണകളെ പുതുക്കിപ്പണിത് പുതിയൊരു ഭാവുകത്വപരിസരം സൃഷ്ടിച്ചുകൊണ്ട് മലയാളകവിത നിശ്ശബ്ദമായൊരു മാറ്റത്തിനു വിധേയമായിരിക്കുന്നു. ബൃഹദാഖ്യാനങ്ങളുടെയും പാരമ്പര്യകല്പനകളുടെയും വക്രോക്തികളുടെയും നടുവിൽ നിന്ന് കവിതയെ സാധാരണക്കാരുടെ വായനയിലേക്ക്, ആസ്വാദനതലത്തിലേക്ക് മാറ്റിക്കൊണ്ടുവരാൻ മലയാളത്തിലെ പുതുകവിതകൾക്ക് കഴിഞ്ഞു. ഭാഷയിലും രൂപത്തിലും സമകാലികമാതൃകകളെ ലംഘിച്ചു കൊണ്ടാണ് കവിത ഇതു സാധിച്ചത്. ചരിത്രത്തെയും സമൂഹത്തെയും മൂർത്തമായി ആവിഷ്കരിച്ചുകൊണ്ട് പുതിയകാലത്തിന്റെ സങ്കീർണ്ണതയ്ക്ക് പുതിയപാഠം നൽകുകയാണ് ഉത്തരാധുനിക കവിതകൾ ചെയ്യുന്നത്.

മാറിയകാലത്തെയും സമൂഹത്തെയും നേരിട്ടുകൊണ്ട് അതു സൃഷ്ടിക്കുന്ന സങ്കീർണ്ണതകളും പ്രതിസന്ധികളും നേരിടാനും ആവിഷ്കരിക്കാനും ഈ കാലത്തെ കവികൾ ശ്രമിക്കുന്നു. ഉത്തരാധുനികസമൂഹത്തിനുള്ളിൽത്തന്നെ നിന്നുകൊണ്ട് അതിന്റെ വൈരുധ്യങ്ങളോടേറ്റുമുട്ടാൻ ഇന്നത്തെ ഓരോ കവിയും കവിതയിൽ സ്വന്തം വഴിതേടുന്നു. അതുകൊണ്ടുതന്നെ മൂല്യരാഹിത്യവും പ്രതിരോധവും പ്രതിഷേധവുമെല്ലാം കാവ്യവിഷയമാകുന്നു. ഭാഷയെയും പാരമ്പര്യത്തെയും സംസ്കാരവഴികളെയും പിതൃബിംബങ്ങളെയും തള്ളിപ്പറഞ്ഞുകൊണ്ട് പുതിയൊരു രചനാരീതി ഇക്കാലത്തെ കവികൾ സ്വീകരിച്ചു.

മനുഷ്യജീവിതത്തിന്റെ സങ്കീർണ്ണതകളെ അറിയുകയും ആവിഷ്കരിക്കുകയും ചെയ്യുന്ന പുതുകവികൾ മാറിയകാലത്തെയും ചിന്തക